## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 550** **09/07/2012 -ൽ മറുപടിക്ക്**

## <u>കൗമാര വിദ്യാഭ്യാസം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കൗമാര വിദ്യാഭ്യാസ പരിപോഷണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) കൗമാര വിദ്യാഭ്യാസ പരിപോഷണത്തിനായി ഹയർ സെക്കണ്ടറി തലത്തിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലും സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ സ്ത്രീ ശാക്തീകരണ പ്രോഗ്രാമുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നുണ്ട്. സെക്കണ്ടറി തലത്തിൽ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകളും ഡ്രോയിംഗ്, പെയിന്റിംഗ്, കാർട്ടൂൺ മത്സരങ്ങൾ തുടങ്ങിയവയും നടത്തിവരുന്നു. |
| (ബി) പ്രത്യേക പരിഗണനയോടെയുള്ള പഠന പദ്ധതി തയ്യാറാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(സി) ഈ പഠന പദ്ധതി ഏതെല്ലാം ക്ലാസ്സുകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ? | <u>(ബി) ആന്റ് (സി)</u><br>പ്രത്യേക പരിഗണനയോടെയുള്ള പഠന പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ